എയ്ഡ്സിൽനിന്ന പൂർണരക്ഷയില്ല. സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണക്കിലെടുത്താൽത്തന്നെ, ലോകത്തിന്റെ മററു ഭാഗങ്ങളിലും സ്ഥിതി അധികം വൈകാതെ ഏറെക്കുറെ ഇതുതന്നെ ആയി ത്തീരായ്കയില്ല എന്ന 'ന്യൂസ്‌വീക്ക്' ലേഖകന്റെ താക്കീതു് ഇന്ത്യയിലുള്ള നമ്മേക്കൂടി ഉദ്ദേശിച്ചുള്ളതാണു്. ഇന്നുള്ള പലതരം കുഴപ്പങ്ങൾക്കുപുറമേ, ഒരു മഹാമാരിയെന്ന നിലയിൽ എയ്ഡ്സ് രോഗംകൂടി ഇന്ത്യയിൽ വന്നുപെട്ടാൽ, എന്തായിരിക്കും നമ്മുടെ സ്ഥിതി?' ആലോചിക്കാൻതന്നെ പേടി തോന്നുന്നു.

(6 ഡിസംബർ, 1986)

# 6. അയൽക്കാർ

അയൽക്കാരെ സ്നേഹിക്കുക എന്നു പറയാൻ എളുപ്പമാണു്. പക്ഷേ, അയൽക്കാരാണു നരകം എന്നതത്രേ പലപ്പോഴും യാഥാർത്ഥ്യം. അയൽ ചീത്തയായിരിക്കേ, നല്ല അയൽക്കാരാവാൻ ശ്രമിക്കുന്നതു ബുദ്ധിപൂർവമായിരിക്കുകയില്ല.

വ്യക്തിബന്ധങ്ങളുടെ കാര്യം ഇങ്ങനെയാണെങ്കിൽ, രാഷ്ട്രാന്തരീയ ബന്ധങ്ങളുടെ കാര്യമോ?

മററു കാരണങ്ങളില്ലെങ്കിൽ, അയൽരാഷ്ട്രം നിത്യശത്രുവും അയൽ രാഷ്ട്രത്തിനപ്പുറത്തെ രാഷ്ട്രം നിത്യമിത്രവുമായിരിക്കും എന്നു സഹസ്രാബ്ദങ്ങൾക്കുമുമ്പു് കൗടില്യൻ പ്രസ്താവിച്ചിട്ടുണ്ടു്. ഈ തത്ത്വത്തിനു് ഇന്നും പ്രസക്തി കുറഞ്ഞിട്ടില്ല.

അയൽരാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങൾ അസുഖകരങ്ങളാകാതിരിക്കുന്നതിനു് എല്ലാ രാഷ്ട്രങ്ങളും അംഗീകരിച്ച നടപ്പിൽ വരുത്തേണ്ട തത്ത്വങ്ങളത്രെ 'പഞ്ചശീല'ങ്ങൾ. പക്ഷേ, വാക്കിലല്ലാതെ മിക്കപ്പോഴും പ്രവൃത്തിയിൽ പഞ്ചശീലങ്ങൾ പാലിക്കപ്പെടുന്നില്ല.

അയൽരാഷ്ട്രങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾ പൊതുവെ തൃപ്തികരങ്ങളല്ല.

അടുത്തുനിന്നു തുടങ്ങാം. തെക്കുഭാഗത്തു് ഇന്ത്യയുടെ അയൽപക്കമായ ശ്രീലങ്കയിൽ ഗവണ്മെന്റിനെതിരെ തമിഴർ നടത്തുന്ന സായുധകലാപവും, തമിഴർക്കെതിരെ ഗവണ്മെന്റ് നടത്തുന്ന സൈനികമർദനവും അവസാനിച്ചിട്ടില്ല. ഇരുകക്ഷികളും ചർച്ചകളിലൂടെ ഒത്തുതീർപ്പിലെത്തണം എന്നതാണു് ഇന്ത്യയുടെ നിലപാടു്. ശ്രീലങ്കയിലെ ഭൂരിപക്ഷജനവിഭാഗമായ സിംഹളരും ന്യൂനപക്ഷ ജനവിഭാഗമായ തമിഴരും ഒരുപോലെ ഭാരതവംശജർ ആകുന്നു. എങ്കിലും ശ്രീലങ്കയിലെ തമിഴരും തങ്ങളും ഒന്നാണെന്ന ദൃഢബോധം ഇന്ത്യയിലെ തമിഴർക്കുണ്ടു്. സിംഹളരെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു വികാരം ഇന്ത്യയിലെ ഒരു സ്റ്റേററിലും ഇല്ല. തങ്ങൾക്കു് എതിരെ സായുധകലാപം നടത്തുന്ന തമിഴ്‌വംശജർക്കു് ഇന്ത്യ താവളവും പരിശീലനവും പണവും ആയുധങ്ങളും നൽകുന്നു എന്ന പരാതി ശ്രീലങ്കയിലെ ഗവണ്മെന്റിനുണ്ടു്. ഇന്ത്യയിൽ തമിഴ്‌നാടു് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ശ്രീലങ്കയിലെ തമിഴരുടെ പ്രശ്നം യുക്തിയുടേതല്ല, വികാരത്തിന്റേതാണു്. അതിനാൽ ഞാണിന്മേൽക്കളിക്കാരന്റെ സൂക്ഷ്മതയോടെ മാത്രമേ ഇക്കാര്യത്തിൽ ഇന്ത്യാഗവണ്മെന്റിനു് എന്തെങ്കിലും ചെയ്യാനാവൂ. പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യത്തിൽ വിജ

യിച്ചിട്ടില്ലെങ്കിലും, ശ്രീലങ്കക്കാര്യത്തിൽ ചുവട് പിഴയ്ക്കാതെ ഇന്നോളം പയററി വന്നിട്ടുണ്ടെന്ന് ഇന്ത്യാഗവണ്മെൻറിൻെറ വിദേശകാര്യവകുപ്പിനു് അഭിമാനിക്കാം.

വടക്ക പടിഞ്ഞാറുഭാഗത്തു്, അയൽരാജ്യമായ പാകിസ്ഥാനുമായി ഇന്ത്യയ്ക്കു സുഖകരങ്ങളായ ബന്ധങ്ങളല്ല ഉള്ളതു്. ഇന്ത്യയുടെ ഒരു സംസ്ഥാനമായ കാശ്മീരിൽ വളരെ വലിയ ഒരു പ്രദേശം പാകിസ്ഥാൻ സൈനികാക്രമണത്തിലൂടെ കൈയടക്കിവെച്ചിരിക്കുകയാണു്. ഇന്ത്യാ—പാകിസ്ഥാൻ അതിർത്തിയിൽ ഉടനീളം ഇന്ത്യയുടെയും പാകിസ്ഥാൻെറയും സൈന്യങ്ങൾ മുഖത്തോടുമുഖം നോക്കിനില്ക്കാൻ തുടങ്ങിയിട്ടു് എത്രയോ വർഷങ്ങളായി. അപൂർവം ചിലപ്പോൾ ഈ സൈന്യവിഭാഗങ്ങൾ തമ്മിൽ പ്രാദേശികങ്ങളായ ഏററുമുട്ടലുകളും ഉണ്ടാകാതിരിക്കുന്നില്ല.

ഇന്ത്യയ്ക്കെതിരെ പാകിസ്ഥാനെ വലിയ തോതിൽ ആയുധങ്ങളും മററും നൽകി സഹായിക്കുക എന്നതു് അമേരിക്ക ഒരു സ്ഥിരനയമാക്കിയിട്ടുണ്ടു്. പാകിസ്ഥാൻ പ്രധാനമന്ത്രി ജുനേജോ ഈയിടെ അമേരിക്ക സന്ദർശിക്കുകയും, വരുന്ന വളരെ വർഷങ്ങളിലേക്കു് ഈ സഹായം തുടർന്നു ലഭിക്കുമെന്നു് ഉറപ്പുവരുത്തുകയുംചെയ്തിരിക്കുന്നു. സ്വന്തമായി് അണുബോംബ നിർമിക്കുന്നതിനുള്ള കഴിവു് പാകിസ്ഥാൻ നേടിയിട്ടുണ്ടു്. വേണമെങ്കിൽ ഏതാനും അണുബോംബുകൾ പാകിസ്ഥാനു് എന്നും ഉണ്ടാക്കാവുന്നതേയുള്ളു. ഇന്ത്യയോടുള്ള ഒരു ഏററുമുട്ടലില്ലെങ്കിൽ, ആർക്കെതിരായാണു് പാകിസ്ഥാൻ ഈ അമേരിക്കൻ ആയുധങ്ങളും അണുബോംബുകളും പ്രയോഗിക്കുക?

ഇന്ത്യയിൽനിന്നു് പഞ്ചാബ് ഉൾപ്പെടെ കുറെ പ്രദേശങ്ങൾ വേർതിരിച്ച്, അവിടെ 'ഖാലിസ്ഥാൻ' എന്ന സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്നു വാദിക്കുകയും, അതിനുള്ള പ്രായോഗികമാർഗമെന്ന നിലയിൽ പഞ്ചാബിലും അയൽ സംസ്ഥാനങ്ങളിലും നിരപരാധികളെ വെടിവെച്ചും വെട്ടിയും കുത്തിയും കൊലപ്പെടുത്തുകയുംചെയ്യുന്ന സിഖ് ഉഗ്രവാദികൾക്കു പാകിസ്ഥാൻ സർക്കാർ സംരക്ഷണവും സഹായവും കൊടുത്തുവരുന്നുണ്ടു്. ഇവർക്കു പരിശീലനം നൽകാൻ ഏതാനും ക്യാമ്പുകൾ പാകിസ്ഥാൻ സ്ഥാപിച്ചിട്ടുള്ളതിനു് അനിഷേധ്യമായ തെളിവുകൾ ഉണ്ടെന്നു് പ്രധാനമന്ത്രി രാജീവ് ഗാന്ധി ഈയിടെ പ്രസ്താവിക്കുകയുണ്ടായി. ഇന്ത്യാ—പാകിസ്ഥാൻ അതിർത്തി പൂർണമായും അടയ്ക്കുകയാണു് ഖാലിസ്ഥാൻ ഭീകരർക്കു് പാക്സഹായം കിട്ടാതാക്കുന്നതിനുള്ള ഏകമാർഗം. പക്ഷേ, ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ഈ അതിർത്തി അടയ്ക്കുക അസാധ്യമാകുന്നു. അതിനാൽ, പാകിസ്ഥാൻെറ ഓരോ നടപടിയും സശ്രദ്ധം വീക്ഷിക്കുകയും, ഇളവില്ലാത്ത ജാഗ്രത പുലർത്തുകയും മാത്രമേ ഈ രംഗത്തു് ഇന്ത്യയ്ക്കു ചെയ്യാവുന്നതായുള്ളു. ഇന്നത്തെ നിലവെച്ചു നോക്കുമ്പോൾ, പാകിസ്ഥാനും ഇന്ത്യയും തമ്മിൽ 'യുദ്ധവുമില്ല, സമാധാനവുമില്ല' എന്ന നില വളരെ ദശാബ്ദങ്ങളോളം തുടർന്നുപോകാനാണു സാധ്യത. ഇന്ത്യയിലെ വ്യത്യസ്തഭാഗങ്ങളിൽ അതാതു കാലത്തുണ്ടാകുന്ന സാമുദായിക കലാപങ്ങളിൽ, നേരിട്ടോ, അല്ലാതെയോ പാകിസ്ഥാൻെറ പ്രേരണയും സഹായവും ഉണ്ടായിക്കൂടെന്നുമില്ല. നെടുകെ വിഭജിക്കപ്പെട്ട കാശ്മീരിൻെറ ഇന്ത്യൻപ്രദേശത്തു പ്രത്യേകിച്ചും, പാകിസ്ഥാൻ സമാധാനത്തിനെതിരായ ഒരു സക്രിയ സാന്നിധ്യമായി തുടരും.

ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനുമുമ്പ് കാശ്മീർ നാട്ടുരാജ്യത്തിൻെറ ഭാഗമായിരുന്ന ലഡാഖിൽ മുപ്പത്തെണ്ണായിരം ചതുരശ്ര കിലോമീററർ സ്ഥലത്തോളം ഇപ്പോൾ ചൈനയുടെ കൈവശത്തിലാണു്. ഈ പ്രദേശ

ത്തിനു് ഏകദേശം കേരളസംസ്ഥാനത്തോളം വിസ്തൃതിയുണ്ടു്. ചൈനയും പാകിസ്ഥാനും ചേർന്നു നിർമിച്ച 'കാറക്കോറം ഹൈവേ' എന്ന റോഡിലൂടെ ചൈനയുടെ തലസ്ഥാനമായ ബൈജിങ്ങിൽനിന്നു് പേഴ്സ്യൻ ഉൾക്കടൽതീരത്തു കറാച്ചി തുറമുഖംവരെ വാഹനങ്ങളിൽ സഞ്ചരിക്കാൻ ഇപ്പോൾ കഴിയും. ലദ്ദാഖിൽ തങ്ങൾ പിടിച്ചെടുത്ത ഇന്ത്യൻ പ്രദേശംകൊണ്ടു് ചൈന തൃപ്തിപ്പെട്ടിട്ടില്ല. ഇനിയും തങ്ങളുടെ വകയായിരുന്ന തൊണ്ണൂറായിരം ചതുരശ്രകിലോമീറ്റർ സ്ഥലംകൂടി ഇന്ത്യ–ചൈന അതിർത്തിയുടെ മധ്യഭാഗത്തും കിഴക്കുഭാഗത്തുമായി ഇന്ത്യ കൈവശം വെച്ചുവരുന്നുണ്ടെന്നാണു് ചൈനയുടെ ആരോപണം. ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയ്ക്കുള്ള അതിർത്തിയായി ബ്രിട്ടീഷുകാർ കരുതിപ്പോന്ന മാക്മഹോൻരേഖ കമ്യൂണിസ്റ്റ് ചൈന അംഗീകരിച്ചിട്ടില്ല. ഈ രേഖയ്ക്കു തെക്കുവശത്തു് ഇന്ത്യയിലുള്ള അരുണാചൽപ്രദേശും വേറെയും പല സ്ഥലങ്ങളും, ചൈനയുടെ വകയാണെന്നു് അവർ വാദിക്കുന്നു. ഭൂട്ടാന്റെയും അരുണാചൽപ്രദേശിന്റെയും അതിർത്തിയിൽ, സുംദൊറോങ്, ഥോങ്ഡ്രോങ് എന്നീ താഴ്വരകളിലേക്കു്, ഏതാണ്ടു് എട്ടു കിലോമീറ്ററോളം, ഇക്കഴിഞ്ഞ ജൂൺമാസത്തിൽ അമ്പതോളം ചൈനീസ് പട്ടാളക്കാർ അതിക്രമിച്ചു കടന്നു കുടാരമടിച്ചു പാർക്കുകയുണ്ടായി. ഇതിനെതിരെ, ഇന്ത്യ സമർപ്പിച്ച പ്രതിഷേധങ്ങൾ, ജൂലൈ 16–ാം തീയതി ചൈന തള്ളിക്കളയുകയാണുണ്ടായതു്. ഇത്തരം അതിർത്തിലംഘനങ്ങൾ യുദ്ധമായി വളർന്നുകൂടായ്കയില്ല. അതിർത്തിയെസ്സംബന്ധിച്ചു് ഇന്ത്യയും ചൈനയും തമ്മിൽ ഇതിനിടെ, ഏഴുവട്ടം ചർച്ചകൾ നടന്നിട്ടുണ്ടു്. ജൂലൈ 23–ാം തീയതി അവസാനിച്ച ഏഴാമത്തെ ചർച്ചകൊണ്ടും കാണത്തക്ക ഒരു ഫലവും ഉണ്ടായിട്ടില്ല.

ഹിമാലയത്തിന്റെ തെക്കേ ചെരുവിലുള്ള രണ്ടു സ്വതന്ത്രരാഷ്ട്രങ്ങളാണു് ഭൂട്ടാനും നേപ്പാളും. ഈ രണ്ടു രാജ്യങ്ങളിലും ഭൂരിപക്ഷം ജനങ്ങളും നേപ്പാളിഭാഷ സംസാരിക്കുന്ന ഗോർഖകൾ ആകുന്നു. ബംഗാളിലെ ഡാർജിലിങ് കേന്ദ്രമാക്കി ഒരു 'ഗോർഖാലാൻഡ്' സ്ഥാപിക്കണമെന്ന പ്രക്ഷോഭം ശക്തിയാർജിച്ചുവരുകയാണു്. ഇന്ത്യയ്ക്കകത്തു് ഒരു സംസ്ഥാനമെന്ന പദവിയാണു് ഗോർഖാലാൻഡിനു് ഉണ്ടായിരിക്കുക എന്നു് പ്രക്ഷോഭകർ ഇപ്പോൾ പറയുന്നുണ്ടു്. ഈ പ്രക്ഷോഭണത്തിനു് നേപ്പാളിൽനിന്നു സഹായസഹകരണങ്ങൾ ലഭിക്കുന്നതായി ആരോപണമുണ്ടു്. ജൂലൈ രണ്ടാം പകുതിയിൽ രാഷ്ട്രപതി സെയിൽസിംഗ് നേപ്പാൾ സന്ദർശിക്കുകയുണ്ടായി. സ്നേഹോഷ്മളമായ സ്വീകരണമാണു് രാഷ്ട്രപതിക്കു് അവിടെ ലഭിച്ചതു്. നേപ്പാളും ഇന്ത്യയും തമ്മിലുള്ള സൗഹാർദത്തെ കൂടുതൽ ദൃഢീകരിക്കുന്നതിനു് രാഷ്ട്രപതിയുടെ സന്ദർശനം ഉതകിയിട്ടുണ്ടെന്നു് ഇരുഭാഗത്തും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. കൂട്ടത്തിൽ ഭൂട്ടാനും ചൈനയും തമ്മിലുമുണ്ടു് അതിർത്തിയെസ്സംബന്ധിച്ച പ്രശ്നം.

1947–ൽ മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ, മുസ്ലിങ്ങൾക്കു ഭൂരിപക്ഷമുള്ള കിഴക്കൻ ബംഗാൾ പാകിസ്ഥാനോടു ചേരുകയാണുണ്ടായതു്. ഇരുപത്തി നാലു വർഷം പാകിസ്ഥാന്റെ ഭാഗമായി നിലകൊണ്ടശേഷം, ദാരുണമായ ഒരു വിമോചനസമരത്തിന്റെ അവസാനത്തിൽ, 1971–ൽ ബംഗ്ലാദേശ് സ്വാതന്ത്ര്യം നേടി. മൂന്നു ഭാഗത്തും ഇന്ത്യയാൽ വലയിതവും പരമദരിദ്രവുമായ ബംഗ്ലാദേശിന്റെ സാമ്പത്തികജീവിതവും ഇന്ത്യയോടു് ഗാഢബന്ധമുള്ളതാണു്. ഇന്ത്യയുമായുള്ള ആത്മാർത്ഥസഹകരണത്തിലൂടെ മാത്രമേ ബംഗ്ലാദേശിന്റെ വികസനം സാധ്യമാവുകയുള്ളു.

ഇന്ത്യയുടെ വടക്കുകിഴക്കു പ്രദേശത്തുള്ള സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും ബംഗ്ളാദേശിൽനിന്നു് നിയമവിരുദ്ധമായി വൻതോതിലുള്ള നുഴഞ്ഞുകയററം നടന്നുകൊണ്ടിരിക്കുകയാണു്. ഈ നുഴഞ്ഞുകയററത്തിൻഫലമായി അസമിയഭാഷ സംസാരിക്കുന്ന സ്ഥലവാസികൾക്കു് ഭൂരിപക്ഷം നഷ്ടപ്പെട്ടേക്കാമെന്ന ഭയമാണു് അസമിലെ കേന്ദ്രവിരുദ്ധപ്രക്ഷോഭണത്തിന്റെ മുഖ്യകാരണമായിരുന്നതു്. നുഴഞ്ഞുകയററം തടയാനായി ബംഗ്ളാദേശ്—അസം അതിർത്തിയിൽ നെടുകെ മുള്ളുവേലികെട്ടാൻ ഇന്ത്യാഗവണ്മെൻറ് ആരംഭിച്ചുവെങ്കിലും, ബംഗ്ളാദേശ് ഗവണ്മെൻറിന്റെ എതിർപ്പിനെത്തുടർന്നു് ആ ശ്രമം ഇപ്പോൾ നിർത്തിവെച്ചിരിക്കുകയാണു്. മതപീഡനം ഭയന്നു് ബംഗ്ലാദേശ് വിട്ടു് കൂട്ടത്തോടെ ഓടിപ്പോന്ന 'ചക്മ'കൾ എന്ന ബൗദ്ധ—ഗോത്രവർഗക്കാർ മിസോറാമിലും ഒരു പ്രശ്നമായിട്ടുണ്ടു്.

ബംഗ്ളാദേശിലെ പ്രസിഡണ്ടു് എച്ച്. എം. എർഷദ് ഈയിടെ ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ഇതിനുമുമ്പും നാലുതവണ പ്രധാനമന്ത്രി രാജീവ് ഗാന്ധിയും എർഷദും കണ്ടു സംസാരിച്ചിട്ടുണ്ടു്. കല്ക്കത്താ തുറമുഖത്തിൽ വേനൽക്കാലത്തു് വലിയ കപ്പലുകൾ അടുക്കുവാൻ സാദ്ധ്യമാക്കുമാറു് ഗംഗാപ്രവാഹത്തിന്റെ ഒരു ഭാഗം ഹൂഗ്ലിയിലേക്കു തിരിച്ചുവിടുന്നതു സംബന്ധിച്ച ഒരു തർക്കം, ഇന്ത്യയും ബംഗ്ളാദേശും തമ്മിൽ ഏറെക്കാലമായി നിലവിലുണ്ടു്. ഇന്ത്യയിൽനിന്നു് 'തീൻ ബീഘാ' എന്ന ഒരു ചെറിയ സ്ഥലം ബംഗ്ളാദേശ് ആവശ്യപ്പെടുന്നുണ്ടു്. ഇതു വിട്ടുകൊടുക്കാൻ വലിയ പ്രയാസമൊന്നും ഉണ്ടാവേണ്ടതില്ല. ബംഗാൾ ഉൾക്കടലിൽ, ഇന്ത്യയുടെയും ബംഗ്ളാദേശിന്റെയും അതിർത്തി നിർണയിക്കുന്നതാണു് മററൊരു പ്രശ്നം. ബംഗ്ളാദേശും ഇന്ത്യയും തമ്മിലുള്ള വ്യാപാര—വാണിജ്യ കാര്യങ്ങളിലുമുണ്ടു് ചില തർക്കങ്ങൾ.

എന്നാൽ, ഏററവും പ്രയാസമുള്ള പ്രശ്നം ബംഗ്ലാദേശിൽനിന്നു് ഇന്ത്യയിലേക്കുള്ള നിയമവിരുദ്ധമായ കുടിയേററത്തിന്റേതുതന്നെയാണു്. നിയമപ്രകാരം പാസ്പോർട്ടുമായി ഇന്ത്യയിലെത്തുന്ന പല ബംഗ്ളാദേശികളും മടങ്ങിപ്പോകാറില്ല. ഉദാഹരണത്തിനു്, രണ്ടു ലക്ഷത്തിലേറെ ബംഗ്ളാദേശികൾ 1985—ൽ ഇന്ത്യയിൽ വന്നു; അവരിൽ അമ്പതിനായിരത്തിലേറെ (നാലിലൊന്നു്) ആളുകൾ എവിടെപ്പോയെന്നു് ഇപ്പോൾ ഒരു നിശ്ചയവുമില്ല! ഇതിനു പുറമേ കള്ളവിസയുമായി ഒരു ലക്ഷം ബംഗ്ളാദേശികളെങ്കിലും ആണ്ടുതോറും ഇന്ത്യയിലേക്കു് വരുന്നുണ്ടെന്നാണു് ഡാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ പറയുന്നതു്. ഒരു രേഖയുമില്ലാതെ എത്തുന്നവരുടെ കാര്യം മുമ്പു പറഞ്ഞുവല്ലോ. നിരന്തരമായ ഈ കുടിയേററം എങ്ങനെ തടയാമെന്നു് ആർക്കും അറിഞ്ഞുകൂടാ.

ഇന്ത്യയുടെ കിഴക്കുവശത്തുള്ള അയൽരാജ്യങ്ങളിൽ ഒന്നാണു് ബർമ്മ. ഭാഗ്യവശാൽ ബർമയുമായി ഇന്ത്യയ്ക്കു് ഇപ്പോൾ ഒരു തർക്കവുമില്ല. ബർമയ്ക്കകത്തുനിന്നു് നാഗന്മാർ, മിസോകൾ മുതലായ കലാപകാരികൾ ഇന്ത്യൻ അതിർത്തിയിൽ കടന്നു് ഇടയ്ക്കിടെ അക്രമങ്ങൾ നടത്താറുണ്ടു്. ഇവരെ തടയുന്നതിൽ ഇന്ത്യൻ അധികൃതരെ സഹായിക്കാമെന്നു് ബർമീസ് അധികൃതർ ഈയിടെ സമ്മതിക്കുകയുണ്ടായി. എല്ലാ അതിർത്തികളിലും സ്വാഭാവികമായ കള്ളക്കടത്തിന്റെ പ്രശ്നം ഇന്ത്യ—ബർമ അതിർത്തിയിലുമുണ്ടു്. എന്നാൽ, അതു വളരെ രൂക്ഷമെന്നു പറയാനില്ല.

(24 ജൂലൈ, 1986)